## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*81.** **04.03.2020 ൽ മറുപടിയ്ക്ക്**

### സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവജനങ്ങളിൽ 31.8 ശതമാനം ലഹരി മരുന്ന്, മദ്യം, സിഗരറ്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കുന്നുവെന്ന് പോലീസ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലൊരു സർവ്വേ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | യുവജനങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ നിന്നും മോചിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | യുവജനങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്തിയിട്ടുണ്ട്. പുതുതലമുറയെ മദ്യ/ലഹരി/ മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവാന്മാരാക്കുന്നതിനുള്ള പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ലഹരിയ്ക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് കൊണ്ട് കുട്ടികളേയും യുവാക്കളേയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര ലഹരിവിമുക്ത കേന്ദ്രങ്ങളുണ്ടെന്നുള്ള കണക്ക് ലഭ്യമാണോ; അതിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത് എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | ലഭ്യമല്ല. എന്നാൽ എക്സൈസ് വകുപ്പിൽ വിമുക്തി മിഷന്റെ ഭാഗമായി ഒരു ജില്ലയിൽ ഒന്ന് എന്ന കണക്കിൽ സംസ്ഥാനത്ത് 14 ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് കൂടുതൽ ബാറുകൾക്ക് ലൈസൻസ് നൽകിയത് യുവാക്കളിലെ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാക്കി എന്ന ആക്ഷേപം വസ്തുതയാണോ; എങ്കിൽ മദ്യത്തിന്റെ ലഭ്യത കുറച്ച് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | വസ്തുതയല്ല. മദ്യത്തിന്റെ ആവശ്യകത സമൂഹത്തിൽ കുറയ്ക്കുന്നതിലൂടെ മാത്രമെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനാവുകയുള്ളൂ. ആയതിനാൽ എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് വിവിധ ബോധവത്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജ മദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ട് വരുന്നതിനും, കൂടാതെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് മദ്യനയങ്ങളിലൂടെ സർക്കാർ നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**